**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2398** **07.10.2016 ൽ മറുപടിയ്ക്ക്**

**മണ്ണിട്ട് നികത്തിയ നെൽകൃഷി സ്ഥലങ്ങൾ**

**ചോദ്യം**

**ശ്രീ. പി.കെ. ശശി**

**ഉത്തരം**

**ശ്രീ. വി.എസ്.സുനിൽ കുമാർ**
**(ബഹു.കൃഷി വകുപ്പ് മന്ത്രി)**

(എ) മുൻസർക്കാർ കാലയളവിൽ മണ്ണിട്ട് നികത്തിയ നെൽകൃഷി സ്ഥലങ്ങൾ എത്ര; മറ്റുകാർഷിക മേഖലയുടെ വിസ്തീർണ്ണം എത്ര; തണ്ണീർത്തടങ്ങൾ, കളങ്ങൾ, കായലോര പ്രദേശങ്ങൾ ഉൾപ്പെടെ എത്ര എന്നും വ്യക്തമാക്കുമോ;

(എ) കഴിഞ്ഞ സർക്കാർ കാലയളവിൽ 1379.887 ഹെക്ടർ നെൽപ്പാടങ്ങൾ നികത്തപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെ പറയും പ്രകാരമാണ്.

| | ജില്ല | വിസ്തീർണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 488.072 |
| 2 | കൊല്ലം | 73.518 |
| 3 | പത്തനംതിട്ട | 92.94925 |
| 4 | ആലപ്പുഴ | 20.43 |
| 5 | കോട്ടയം | 54.202 |
| 6 | ഇടുക്കി | 39.609 |
| 7 | എറണാകുളം | 190.2308 |
| 8 | തൃശ്ശൂർ | 62.00 |
| 9 | പാലക്കാട് | 142.28 |
| 10 | മലപ്പുറം | 142.70 |
| 11 | കോഴിക്കോട് | 5.064 |
| 12 | വയനാട് | 17.0156 |
| 13 | കണ്ണൂർ | 46.796 |
| 14 | കാസർഗോഡ് | 5.02 |
| | ആകെ | 1379.887 |

മറ്റ് കാർഷിക മേഖലയുടെ വിസ്തീർണ്ണം തണ്ണീർത്തടങ്ങൾ, കളങ്ങൾ, കായലോര പ്രദേശങ്ങൾ എന്നിവ സംബന്ധിച്ച വിവരം കൃഷി വകുപ്പ് ശേഖരിച്ചു വരുന്നു.

| | | |
|---|---|---|
| (ബി) | മുൻസർക്കാർ അധികാരമൊഴിയുമ്പോൾ നെൽ കൃഷിക്കാർ ഉൾപ്പെടെ മറ്റു കൃഷിക്കാർക്ക് കുടിശ്ശികയിനത്തിൽ കൊടുത്തു തീർക്കുവാനുണ്ടായിരുന്ന തുക എത്ര എന്ന് വിഭാഗം തിരിച്ച് വിശദീകരിക്കാമോ; | (ബി) വിവരം ശേഖരിച്ചു വരുന്നു. |
| (സി) | ഇവരുടെ കുടിശ്ശിക തീർക്കുന്നതിന് വേണ്ട തുക എത്ര എന്നും, ഇവ നല്കാനും, പ്രസ്തുത കാർഷിക മേഖല സംരക്ഷിക്കാനും നികത്തിയ ഉൾപ്പെടെയുള്ള കൈയ്യേറ്റം ഒഴിപ്പിക്കാനും എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ? | (സി) തുകയുടെ കൃത്യമായ വിവരം ശേഖരിച്ചു വരുന്നു. കുടിശ്ശിക തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പുമായി ചേർന്ന് സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**